## ആരോഗ്യ വകുപ്പ് മേധാവിയുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടി ക്രമം

വിഷയം:- ആ.വ.ഡ-ജീവനക്കാര്യം-ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തികകളിലെ 1:1 എന്ന അനുപാതത്തിൽ 1-04-2016 പ്രാബല്യ തീയതിയിൽ ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്-

പരാമർശം:-
1) 16/09/1985-ലെ ധനവകുപ്പ് സർക്കാർ ഉത്തരവ് (പി) നമ്പർ-575/85
2) 25/05/2015-ലെ ആ.വ.ഡ സീനിയർ.എ.ഒ-യുടെ ഉത്തരവ് നമ്പർ-ഇഡി1-5/2014
3) 22/07/2015 മുതൽ വിവിധ തീയതികളിലെ ആ.വ.ഡ സീനിയർ.എ.ഒ-യുടെ ഉത്തരവ് നമ്പർ ഇഡി1-3/2015
4) 20/01/2016-ലെ ധനവകുപ്പ് സർക്കാർ ഉത്തരവ് നമ്പർ(പി).7/2016
5) 25/01/2016-ലെ സർക്കാർ ഉത്തരവ് നമ്പർ(കൈ) നമ്പർ.1/2016/ആ.കു.(ഇ).വ
6) 03/11/2016 ലെ ആ.വ.ഡ സീനിയർ.എ.ഒ-യുടെ പരിപത്രം നമ്പർ-ഇഡി1-3/2015
7) വിവിധ തീയതികളിൽ 14 ജില്ലാ മെഡിക്കൽ ആഫീസർമാർ സമർപ്പിച്ച റിപ്പോർട്ട്
8) 07/01/1991-ലെ ഉ.ഭ.പ.വകുപ്പിലെ സർക്കാർ ഉത്തരവ് (പി).നമ്പർ-1/1991

ഇഡി1-3/2017/ആ.വ.ഡ/ തീയതി, 31/1/2017

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തിക 1:1 എന്ന അനുപാതത്തിൽ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതും തുടർന്നു വന്നിട്ടുള്ള ശമ്പളപരിഷ്ക്കരണങ്ങളിലും പരാമർശം (4) പ്രകാരമുള്ള 07/2014 മുതൽ പ്രാബല്യത്തിൽ വന്ന 10-ാം ശമ്പള പരിഷ്ക്കരണ ഉത്തരവിലും പ്രസ്തുത അനുപാതം 1:1 എന്ന നിലയിൽ നിലനിറുത്തിയിട്ടുണ്ട്.

പരാമർശം 2 പ്രകാരം ആരോഗ്യ വകുപ്പിലെ ആകെ ക്ലാർക്ക് തസ്തികകളുടെ എണ്ണം 2347 (1174 + 1173) (ക്ലാർക്ക്/സീനിയർ ക്ലാർക്ക്) 1:1 എന്ന അനുപാതത്തിൽ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതും അതിൻ പ്രകാരം പരാമർശം 3-ലെ വിവിധ തീയതികളിലെ ഉത്തരവുകൾപ്രകാരം 01/06/2015 പ്രാബല്യ തീയതിയിലും അതിനു ശേഷം ഉണ്ടായിട്ടുള്ള സീനിയർ ക്ലാർക്ക് തസ്തികയിലെ ഒഴിവുകളിലും 1:1 അനുപാത പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാകുന്നു.

പരാമർശം (5)-ലെ ഉത്തരവ് പ്രകാരം ഭക്ഷ്യ സുരക്ഷാ വകുപ്പിലേയ്ക്ക് ആരോഗ്യ വകുപ്പിൽ നിന്നും ക്ലാർക്കുമാരുടെ 86 തസ്തികകൾ സ്ഥിരമായി വിന്യസിച്ചിട്ടുണ്ട്. അപ്രകാരം സ്ഥിരമായി ഭക്ഷ്യ സുരക്ഷാ വകുപ്പിൽ വിന്യസിച്ചിട്ടുള്ള തസ്തികകൾ പരാമർശം

(2)-ലെ ഉത്തരവിലെ ആകെ എണ്ണത്തിൽ കുറവ് വരുത്തി 1-04-2016 പ്രാബല്യ തീയതിയിൽ ക്ലാർക്ക്/സീനിയർ ക്ലാർക്ക് എന്നിവയിലെ അനുപാതം 1:1 പ്രകാരം പുതുക്കി നിശ്ചയിക്കുന്നതിന് 14 ജില്ലാ മെഡിക്കൽ ആഫീസർമാരിൽ നിന്നും ക്ലാർക്കുമാരുടെ തസ്തിക സംബന്ധിച്ച വിവരങ്ങൾ പരാമർശം(6) പ്രകാരം സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയത് പരാമർശം (7) പ്രകാരം 14 ജില്ലാ മെഡിക്കൽ ആഫീസർമാർ സമർപ്പിച്ചിട്ടുണ്ട്.

14 ജില്ലാ മെഡിക്കൽ ആഫീസർമാർ നൽകിയ പ്രസ്തുത വിവരങ്ങൾ വിശദമായി പരിശോധിച്ച് ആരോഗ്യ വകുപ്പ് കാര്യാലയത്തിലും 14 ജില്ലയ്ക്ക് കീഴിലുള്ള സ്ഥാപനങ്ങളിലും ഉൾപ്പെടെ ആരോഗ്യ വകുപ്പിൽ 01/04/2016-ൽ ഭക്ഷ്യ സുരക്ഷാ വകുപ്പിലേയ്ക്ക് ആരോഗ്യ വകുപ്പിൽ നിന്നും സ്ഥിരമായി വിന്യസിച്ചിട്ടുള്ള ക്ലാർക്കുമാരുടെ തസ്തികകൾ കുറവ് വരുത്തി ശേഷിക്കുന്ന തസ്തികകൾ 2261 ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലാ മെഡിക്കലാഫീസിൽ 3 ഉം വയനാട് ജില്ലാ മെഡിക്കലാഫീസിൽ 1 തസ്തികയും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

01/04/2016 തീയതിയിൽ നിലവിലുള്ള ക്ലാർക്കുമാരുടെ 2265 തസ്തികകൾ സംബന്ധിച്ച വിശദമായ കണക്ക് ആരോഗ്യ വകുപ്പ് കാര്യാലയം ജില്ല എന്നിവ തിരിച്ച് 1:1 എന്ന ക്രമത്തിൽ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ/ ജില്ലയുടെ പേര് | ഇ(1)1-5/2014/ ആ.വ.ഡ തീയതി, 25/05/15 പ്രകാരം നിലവിലുണ്ടായിരുന്ന ക്ലാർക്ക് തസ്തികകളുടെ ആകെ എണ്ണം (ക്ലാർക്ക്/ സീനിയർ ക്ലാർക്ക്) | സ.ഉ(കൈ) നം-17/2016/ ആ.കു.(ഇ).വ തീയതി, തിരുവനന്തപുരം 28/01/16 പ്രകാരം ഭക്ഷ്യ സുരക്ഷാ വകുപ്പിലേയ്ക്ക് ആരോഗ്യ വകുപ്പിൽ നിന്നും സ്ഥിരമായി വിന്യസിച്ച ക്ലാർക്ക്/ സീനിയർ ക്ലാർക്ക് തസ്തികകളുടെ എണ്ണം | പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ | 01/04/16 നിലവിലുള്ള ക്ലാർക്ക് / സീനിയർ ക്ലാർക്ക് തസ്തികകളുടെ ആകെ എണ്ണം | ക്ലാർക്ക് | സീനിയർ ക്ലാർക്ക് |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 (3-4+5) | 7 | 8 |
| 1 | ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം / ഹെഡ് ക്വാർട്ടേഴ്സ് | 156 | 0 | 0 | 156 | 78 | 78 |

0453224

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | തിരുവനന്തപുരം | 239 | 13 | 3 | 229 | 114 | 114 |
| 3 | കൊല്ലം | 161 | 6 | 0 | 155 | 78 | 77 |
| 4 | പത്തനംതിട്ട | 107 | 3 | 0 | 104 | 52 | 52 |
| 5 | ഇടുക്കി | 96 | 4 | 0 | 92 | 46 | 46 |
| 6 | കോട്ടയം | 153 | 5 | 0 | 148 | 74 | 74 |
| 7 | ആലപ്പുഴ | 163 | 6 | 0 | 157 | 79 | 78 |
| 8 | എറണാകുളം | 220 | 10 | 0 | 210 | 105 | 105 |
| 9 | തൃശ്ശൂർ | 189 | 7 | 0 | 182 | 91 | 91 |
| 10 | പാലക്കാട് | 174 | 6 | 0 | 168 | 84 | 84 |
| 11 | മലപ്പുറം | 189 | 6 | 0 | 183 | 91 | 92 |
| 12 | കോഴിക്കോട് | 177 | 10 | 0 | 167 | 83 | 84 |
| 13 | വയനാട് | 71 | 03 | 1 | 69 | 35 | 34 |
| 14 | കണ്ണൂർ | 189 | 05 | 0 | 183 | 91 | 92 |
| 15 | കാസർഗോഡ് | 95 | 02 | 0 | 93 | 42 | 41 |
| | ആകെ | 2347 (1174+1173) | 86 | 4 | 2265 (1132+1133) | 1132 | 1133 |

ടി തസ്തികകൾ 1:1 അനുപാതം പ്രകാരം 01/04/2016 പ്രാബല്യ തീയതിയിൽ ക്ലാർക്ക് 1132 എണ്ണവും സീനിയർ ക്ലാർക്ക് 1133 എണ്ണം എന്ന ക്രമത്തിൽ നിശ്ചയിച്ച് ഉത്തരവാകുന്നു.

ടി ഉത്തരവ് സംബന്ധിച്ച എന്തെങ്കിലും അപാകത ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ തിരുത്തൽ വരുത്തുന്നതിനായി ആയത് ഉടൻ ഈ ആഫീസിൽ അറിയിക്കേണ്ടതാണ്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ടി ഉത്തരവിന്റെ പകർപ്പ് ആഫീസ് സംബന്ധമായ ആവശ്യങ്ങൾക്ക് ഔദ്യോഗിക രേഖയായി ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

ഒപ്പ്
**ഐസക് ഇട്ടി**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**

പകർപ്പ്

1) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ (സി.എ)
2) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
3) എല്ലാ സ്ഥാപന മേധാവികൾക്കും( ജില്ലാ മെഡിക്കൽ ആഫീസർ മുഖേന)
4) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ് (പ്രസിദ്ധീകരണത്തിനായി) 5) ഫയൽ /കരുതൽ ഫയൽ.

0458225 GOVERNMENT OF KERALA 2015 -16